പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1374

20.01.2014 ൽ മറുപടിക്ക്

## പാചക വാതക വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ.കെ. ബാലൻ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എൽ.പി.ജി. ഉപ ഭോക്താക്കളുടെ എണ്ണം ജില്ലയും ഓയിൽ കമ്പനിയും തിരിച്ച് വ്യക്ത മാക്കുമോ; | (എ) | അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | എൽ.പി.ജി. ഉപഭോക്താക്കളിൽ എത്ര പേർ ആധാർ ബാങ്ക് അക്കൗ ണ്ടുമായി ലിങ്ക് ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ? | (ബി) | അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | വീട്ടാവശ്യത്തിനും വാണിജ്യാവശ്യ ത്തിനും ഉപയോഗിക്കുന്ന എൽ.പി. ജി. സിലിണ്ടറിന്റെ 2014 ജനുവരി മാസത്തെ വില എത്ര രൂപയാണ്; ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തവർക്ക് വിലയെത്ര യാണ്; ഇവരുടെ സബ്സിഡി എത്ര രൂപയാണ്; ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യാത്ത വർക്കുള്ള വിലയെത്രയാണ്; ഇവരുടെ സബ്സിഡി എത്ര രൂപയാണ്; വ്യക്തമാക്കുമോ; | (സി) | വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന എൽ.പി.ജി. സിലിണ്ടറിന്റെ 2014 ജനുവരി മാസത്തെ വില തിരുവനന്തപുരം ജില്ലയിൽ 444 രൂപയും വാണിജ്യാവശ്യ ത്തിനുള്ള സിലിണ്ടറിന്റെ വില 2194.50 രൂപയുമാണ്. ആധാർ ബാങ്ക് അക്കൗ ണ്ടുമായി ലിങ്ക് ചെയ്തവർക്ക് 1300 രൂപയും അവർക്ക് സബ്സിഡി തുകയായി നിലവിൽ നൽകുന്നത് 814.49 രൂപയുമാണ്. ആധാർ ബാങ്ക് അക്കൗണ്ടു മായി ലിങ്ക് ചെയ്യാത്തവർക്കുള്ള സബ് സിഡി നിരക്കിലുള്ള സിലിണ്ടറിന്റെ വിലയായി 444 രൂപയാണ് നല്കേണ്ടത്. സബ്സിഡി നിരക്കിലുള്ള സിലിണ്ടറി നായി ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക്ചെയ്തവർ നൽകേണ്ട തുകയും ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യാത്ത വർ നൽകേണ്ട തുകയും തമ്മിലുള്ള അന്തരം ഇല്ലാതാക്കുന്നതിനായി സംസ്ഥാ നസർക്കാർ ബാങ്ക്വഴിയുള്ള സബ്സിഡി യിൽ ഈടാക്കുന്ന 5% വാറ്റ് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തവർക്ക് സർക്കാർ പ്രഖ്യാപിച്ച സബ്സിഡി ബാങ്ക് അക്കൗണ്ടിൽ വരുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല; സബ്സിഡിതുക ബാങ്ക് അക്കൗണ്ടിൽ ലഭിക്കാതെ വന്നാൽ വിതരണ ഏജൻസിയിലോ, ഓയിൽ മാർക്കറ്റിംഗ് കമ്പനിയിലോ പരാതി നൽകാവുന്നതാണ്. ഏത് എണ്ണക്കമ്പനിയാണോ ആ കമ്പനിയുടെ ട്രാൻസ്പാരൻസി പോർട്ടലുകൾ മുഖേന ഓൺലൈനായും പരാതി സമർപ്പിക്കാവുന്നതും, അക്കൗണ്ട് നമ്പർ നൽകിയിരിക്കുന്ന ബാങ്കിൽ അന്വേഷിക്കാവുന്നതുമാണ്. |
| (ഇ) | എത്ര സബ്സിഡി സിലിണ്ടറുകളാണ് കേരളത്തിൽ ഒരു ഉപഭോക്താവിന് ഒരു വർഷം നിലവിൽ അനുവദിച്ചിട്ടുള്ളത്; | (ഇ) | കേരളത്തിൽ ഒരു ഉപഭോക്താവിന് ഒൻപത് സബ്സിഡി സിലിണ്ടറുകളാണ് ഒരു വർഷം നിലവിൽ അനുവദിച്ചിട്ടുള്ളത്. |
| (എഫ്) | ഒരു സിലിണ്ടർ ബുക്ക് ചെയ്താൽ എത്ര ദിവസത്തിനകം അത് നൽകണമെന്നാണ് വ്യവസ്ഥയുള്ളത്; അപ്രകാരം നൽകിയില്ലെങ്കിൽ ആർക്കാണ് ഇത് സംബന്ധിച്ച് പരാതി നൽകേണ്ടത്; വിശദമാക്കാമോ; | (എഫ്) | സാധാരണഗതിയിൽ സിലിണ്ടർ ബുക്ക് ചെയ്താൽ 48 മണിക്കൂറിനകം ലഭ്യമാക്കാൻ ഓയിൽക്കമ്പനികൾ പരമാവധി ശ്രമിക്കുന്നുണ്ട് എന്നും എന്നാൽ പല കാരണങ്ങളാലും ഇതിന് സാധിക്കാതെ വരുന്നുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പരാതി നൽകേണ്ടതിന്റെ വിശദാംശം ലഭ്യമായിട്ടില്ല. |
| (ജി) | ബുക്ക് ചെയ്യുന്ന സിലിണ്ടർ യഥാസമയം ലഭിക്കാത്തതു മൂലം ഒരു വർഷത്തിൽ നിശ്ചിത എണ്ണം സബ്സിഡൈസ്ഡ് സിലിണ്ടർ എന്ന വ്യവസ്ഥ പാലിക്കപ്പെടാത്ത സാഹചര്യം ഉണ്ടായാൽ സർക്കാർ പ്രഖ്യാപിച്ച എണ്ണം സിലിണ്ടർ ഒരു ഉപയോക്താവിന് ഒരു വർഷം നൽകും എന്ന് ഉറപ്പു നൽകാൻ തയ്യാറാകുമോ? | (ജി) | ഉപഭോക്താവിന് ഒൻപത് സബ്സിഡി സിലിണ്ടറുകളാണ് ഒരു സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളത്. കേന്ദ്ര പെട്രോളിയവും പ്രകൃതിവാതകവും മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമാണ് പാചകവാതക വിതരണക്കമ്പനികൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ [illegible]